# ഭരതന്റെ സാഹിത്യശാസ്ത്രം

## നാട്യശാസ്ത്രം സാഹിത്യവിമർശനത്തിനു നല്കീട്ടുള്ള ത്രിമുഖസംഭാവന

●

(എൻ. വി. കൃഷ്ണവാരിയർ)

സംസ്കൃതസാഹിത്യത്തിൽ അദ്വിതീയമായൊരു ഗ്രന്ഥമത്രേ ഭരതപ്രണീതമായ നാട്യശാസ്ത്രം. നൃത്യം, ഗീതം, വാദ്യം, നാട്യം, സാഹിത്യം എന്നിവയെപ്പററി ഇന്ത്യയിൽ പില്ക്കാലത്തുണ്ടായ ചച്ച്കളെല്ലാം ആരംഭിക്കുന്നതു് നാട്യശാസ്ത്രത്തിൽനിന്നാകുന്നു. നാട്യവേദമെന്നുകൂടി വിളിക്കപ്പെടുന്ന നാട്യശാസ്ത്രത്തിലെ മുഖ്യവിഷയം നാടകാഭിനയമാണു്. നാടകാഭിനയത്തിലും നാടകനിമ്മാണത്തിലും ഉപയോഗപ്പെടുന്നവയെന്ന നിലയിൽമാത്രമേ മററു വിഷയങ്ങളെപ്പററി ഭരതൻ പ്രതിപാദിക്കുന്നുള്ളു. എന്നിട്ടും ഈ ആനുഷംഗിക വിഷയങ്ങളിൽപ്പോലും ഭരതവചനം 'അലംഘ്യമായൊരു സ്മൃതിവാക്യംപോലെ പ്രാമാണികമായി പിന്നീടു് വളരെക്കാലത്തോളം നിലനിന്നു. ആധുനിക പാശ്ചാത്യചിന്ത ഇന്ത്യൻ സാഹിത്യത്തിലും സംസ്കാരത്തിലും നിണ്ണായകമായ സ്വാധീനം ചെലുത്തിത്തുടങ്ങുംവരെ, ലളിതകലകളിൽ ചിത്രമൊഴിച്ചു മററുള്ളവയെ മുഴുവൻസംബന്ധിച്ച ഭാരതീയരുടെ സങ്കല്പങ്ങൾക്കു രൂപം നല്കിപ്പോന്നതു് ഭരതന്റെ നാട്യശാസ്ത്രമായിരുന്നു.

### പ്രാചീനത

നാട്യശാസ്ത്രം ഏതുകാലത്തു് നിമ്മിക്കപ്പെട്ടു എന്നു് കൃത്യമായിപ്പറയാൻ നമ്മുടെ കയ്യിൽ തെളിവൊന്നുമില്ല. എന്നാലും ക്രിസ്തുവഷാരംഭത്തിനു് ഒന്നോ രണ്ടോ ശതാബ്ദികൾ മുമ്പുതന്നെ അതു നിലവിലുണ്ടായിരുന്നു എന്നു് വിശ്വസിക്കുന്നതിൽ അപാകമില്ല. മഹാകവി കാളിദാസന്റെ കാലത്തു് വാല്മീകി, വ്യാസൻ മുതലായവരെപ്പോലെ ഭരതമുനിയും അദ്ധദിവ്യനോ തികച്ചും ദിവ്യനോ ആയി കരുതപ്പെട്ടിരുന്നു. കാളിദാസന്റെ വിക്രമോവ്വശീയം എന്ന നാടകത്തിൽ, സ്വഗ്ഗത്തിലെ അപ്സരസ്സുകളുടെ അഭിനയാചാര്യനായി ഭരതൻ വണ്ണിക്കപ്പെട്ടിരിക്കുന്നു. നവരസങ്ങളിൽ ശാന്തരസം ഒഴിച്ചുള്ള എട്ടു രസങ്ങളെ ആശ്രയിച്ചു് ഭരതൻ സംവിധാനം ചെയ്തു് അപ്സരസ്സുകളെക്കൊണ്ടു് അഭിനയിപ്പിക്കുന്ന ലളിത പ്രയോഗങ്ങൾ കാണുവാൻ ദേവേന്ദ്രനും മററു ലോകപാലന്മാരും ആഗ്രഹിച്ചിരുന്നു എന്നു കാളിദാസൻ പറയുന്നു:—

> മുനിനാഭരതേന യഃ പ്രയോഗോ
> ഭവതീഷ്വഷ്ടരസാശ്രയോനിയുക്തഃ
> ലളിതാഭരണം തമദ്യഭത്താ
> മരുതാം ദ്രഷ്ടുമനാഃ സലോകപാലഃ

മുനി എന്ന വാക്കുതന്നെ കാലക്രമത്തിൽ ഭരതന്റെ പര്യായമായി ഗണിക്കപ്പെട്ടുവന്നു. പല്ലവനെന്നും ശാലവനെന്നും രണ്ടു ശിഷ്യന്മാർ ഭരതനുണ്ടായിരുന്നതായി കാളിദാസൻ പ്രസ്താവിക്കുന്നുണ്ടു്. കോഹലൻ എന്ന സംഗീതാചാര്യൻ ഭരതപുത്രനെന്നു വ്യവഹരിക്കപ്പെട്ടുകാണുന്നു. പില്ക്കാലത്തു് നടന്മാക്കു് പൊതുവെ ഭരതപുത്രന്മാരെന്ന പേരുണ്ടായി. ഐതിഹാസികതയുടെ മൂടൽമഞ്ഞിൽ മറഞ്ഞുനില്ക്കുന്ന ഭരതനെപ്പററി വളരെയൊന്നും വിവരങ്ങൾ നമുക്കറിഞ്ഞുകൂടെന്നതാണു് വാസ്തവം.

### ഗ്രന്ഥസ്വരൂപം

ഗ്രന്ഥകാരന്റെ സ്ഥിതി ഇതാണെങ്കിൽ, ഗ്രന്ഥത്തിന്റെ നിലയും വളരെയൊന്നും വ്യത്യസ്തമെന്നു പറഞ്ഞുകൂട. നാട്യശാസ്ത്രത്തിൽ മുപ്പത്താറദ്ധ്യായങ്ങൾ ഉള്ളതായി ഇന്നു നമുക്കു് അപൂണ്ണമാ

യെങ്കിലും ലഭിച്ചിട്ടുള്ള ഒരേഒരു നാട്യശാസ്ത്രവ്യാഖ്യാനമായ അഭിനവഭാരതിയുടെ കർത്താവായ അഭിനവഗുപ്താചാര്യൻ പ്രസ്താവിക്കുന്നുണ്ട്. "ഷട്ത്രിംശകം ഭരതസൂത്രമിദം" എന്നു പറയുന്ന അഭിനവഗുപ്തൻതന്നെ, ഈ മുപ്പത്താറദ്ധ്യായങ്ങളിൽ ചിലതു് ഒന്നിലധികം രൂപങ്ങളിൽ കാണപ്പെടുന്നതായും നമ്മെ അറിയിക്കുന്നു. അച്ചടിച്ച പുസ്തകത്തിൽ ഒന്നു് മറ്റൊന്നിനോടു് പല അംശങ്ങളിലും വ്യത്യസ്തമായിക്കാണുന്നു. ഇവയിലേതാണ് ശരിയായ പാഠമെന്നു് ഊഹിക്കുവാൻപോലും നിവൃത്തിയില്ല. നന്ദി അഥവാ നന്ദികേശ്വരൻ, കോവിലൻ എന്നിവർ നാട്യശാസ്ത്രത്തിന്റെ നിർമ്മിതിയിൽ കാര്യമായ പങ്കുവഹിച്ചതായി, നാട്യശാസ്ത്രത്തിലെ സൂചനകളെ മുൻനിർത്തിത്തന്നെ, പലരും പ്രസ്താവിക്കുന്നുണ്ടു്. ഒരു പക്ഷേ നാട്യശാസ്ത്രത്തിന്റെ പല ഭാഗങ്ങളും ഇവരും മററു ചിലരും മാററി എഴുതുകയോ പൂരിപ്പിക്കുകയോ ചെയ്തിരിക്കാം.

"ഷട്ത്രിംശകം ഭരതസൂത്രം" എന്ന അഭിനവഗുപ്തന്റെ പ്രസ്താവത്തിൽനിന്നു് നാട്യശാസ്ത്രം സൂത്രങ്ങൾ എന്നു് വിളിക്കപ്പെടുന്ന ലഘുഗദ്യവാക്യങ്ങളുടെ രൂപത്തിലായിരുന്നു നിർമ്മിക്കപ്പെട്ടതെന്നു് കരുതുന്നവരുണ്ടു്. "വിഭാവാനുഭാവവ്യഭിചാരിസംയോഗാദ്രസനിഷ്പത്തിഃ" എന്ന സുപ്രസിദ്ധമായ രസനിർവ്വചനം സൂത്രരൂപത്തിലാണെന്നതു് ഇതിന്നു് മറെറാരു തെളിവായും എടുത്തുകാട്ടപ്പെടുന്നു. നാടകകൃത്തായ ഭവഭൂതി ഭരതനെ "തൌര്യത്രിക സൂത്രകാര"നെന്നു വിവരിക്കുന്നതും ഈ വാദത്തിന്നു് ഉപോദ്ബലകമത്രേ. ശിലാലി, കൃശാശ്വൻ എന്നിവർ നിർമ്മിച്ച നടസൂത്രങ്ങളെപ്പററി വ്യാകരണാചാര്യനായ പാണിനി പ്രസ്താവിക്കുന്നതിൽനിന്നു്, ക്രിസ്തുവർഷം ആറാംശതകത്തിനു മുമ്പു തന്നെ സൂത്രരൂപത്തിലുള്ള നാട്യശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടായിരുന്നതായി ഉറപ്പിക്കാം. രസങ്ങളേയും ഭാവങ്ങളേയുംപററി പ്രതിപാദിക്കുന്ന നാട്യശാസ്ത്രത്തിലെ ആറും ഏഴും അദ്ധ്യായങ്ങൾക്കു് ഏറെക്കുറെ സൂത്രഭാഷ്യച്ഛായയുള്ളതായും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടു്. എങ്കിലും നാട്യശാസ്ത്രത്തിന്റെ ഭൂരിഭാഗവും കാരികാരൂപത്തിൽ, ഏറെക്കുറെ മുഴുവൻ തന്നെ അനുഷ്ടുപ്പ് വൃത്തത്തിൽ, എഴുതിയിട്ടുള്ളതാണു്. ഇടക്കു് അനുബന്ധശ്ലോകങ്ങളെന്നോ, ആനുവംശ്യശ്ലോകങ്ങളെന്നോ പേരിൽ ചില സംഗ്രഹശ്ലോകങ്ങളും ഉദാഹരണങ്ങളും ചേർത്തുകാണാനുണ്ടു്.

## വ്യാഖ്യാതാക്കൾ

അഭിനവഗുപ്തൻ മുതലായ ഗ്രന്ഥകാരന്മാരുടെ കൃതികളിൽനിന്നു് ഒമ്പതു് നാട്യശാസ്ത്രവ്യാഖ്യാതാക്കളെപ്പററി നമുക്കു് അറിയാം. മാതൃഗുപ്തൻ, ഉദ്ഭടൻ, ലോല്ലടൻ, ശങ്കുകൻ, ഭട്ടനായകൻ, രാഹുലൻ, കീർത്തിധരൻ, അഭിനവഗുപ്തൻ, നാന്യദേവൻ എന്നിവരാണു് ഈ വ്യാഖ്യാതാക്കൾ. ഇവരിൽ ഉദ്ഭടന്റെ കൃതിയായി ഒരു കാവ്യാലങ്കാരഗ്രന്ഥം ലഭ്യമായിട്ടുണ്ടു്. ഉദ്ഭടൻ, ലോല്ലടൻ, ശങ്കുകൻ, ഭട്ടനായകൻ എന്നിവരുടെ പേരുകൾ, രസസ്വരൂപം സംബന്ധിച്ച നാലു സിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ടനിലയിൽ, സംസ്കൃതത്തിലെ സാഹിത്യശാസ്ത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിരിക്കുന്നു. സാഹിത്യശാസ്ത്രത്തിലെ ധ്വനിസിദ്ധാന്തം ആവിഷ്കരിച്ചതു് ധ്വന്യാലോകം നിർമ്മിച്ച ആനന്ദവർദ്ധനാചാര്യനാണെങ്കിലും, അതിനെ അവിചാല്യമായും ശാസ്ത്രീയമായും പ്രതിഷ്ഠിച്ചതു് അഭിനവഭാരതി എന്ന നാട്യശാസ്ത്രവ്യാഖ്യാനവും ലോചനമെന്ന ധ്വന്യാലോകവ്യാഖ്യാനവും രചിച്ച അഭിനവഗുപ്താചാര്യനത്രേ. അപൂർണ്ണമെങ്കിലും അഭിനവഭാരതി, ഭരതനാട്യശാസ്ത്രമാകുന്ന ഗഹനവനത്തിലൂടെ അസഹായരായി മുന്നോട്ടുപോകേണ്ടിവരുന്ന പിപഠിഷുകൾക്കു് ലഭ്യമായ ഒരേഒരു ദീപകലികയാകുന്നു.

## നാടകശാസ്ത്രം

ഭാരതീയ സാഹിത്യ വിമർശന ശാസ്ത്രത്തിന്നു് ഭരതൻ നല്കിയ സംഭാവനകളെപ്പററിയാണു് ഈ പ്രബന്ധത്തിൽ ഇനി പ്രതിപാദിക്കാനുള്ളതു്. ഈ സംഭാവനകളെ നാടകസംബന്ധിയെന്നും, വൃത്തവിചാരസംബന്ധിയെന്നും, സാഹിത്യശാസ്ത്രസംബ

(3)

സന്ധിയെന്നും മൂന്നിനമായിത്തിരിക്കുന്നതു് സൌകര്യമായിരിക്കും. നാട്യശാസ്ത്രത്തിലെ മുഖ്യവിഷയം നാടകാഭിനയമാണെന്നു പറഞ്ഞുവല്ലോ. സാത്വികം, ആംഗികം, ആഹാര്യം, വാചികം എന്നിങ്ങനെ നാലുവിധത്തിലാണഭിനയം. ഇതിൽ വാചികാഭിനയത്തിലാണു് സാഹിത്യത്തിനു് പ്രസക്തി. അഭിനയത്തിനുപയോഗിക്കപ്പെടുന്ന സാഹിത്യകൃതിക്കു് രൂപകമെന്നു പേർ. രൂപമുള്ളതു് അഥവാ കാണാവുന്നതു് രൂപകം. ഭരതൻ രൂപകത്തെ പത്തു തരത്തിൽ വർഗ്ഗീകരിച്ചിരിക്കുന്നു. നാടകം, പ്രകരണം, ഭാണം, പ്രഹസനം, ഡിമം, വ്യായോഗം, സമവകാരം, വീഥി, അങ്കം, ഈഹാമൃഗം എന്ന ഈ വിഭാഗം ആധുനികകാലംവരെ ഭാരതീയസാഹിത്യത്തിൽ നിലനിന്നുപോന്നു. ഈ പത്തു രൂപകങ്ങളിൽ പ്രാധാന്യം ഐതിഹാസികമായ ഇതിവൃത്തത്തെ അവലംബിച്ചെഴുതുന്ന നാടകത്തിനും, കവികല്പിതമായ ഇതിവൃത്തത്തെ അവലംബിച്ചെഴുതുന്ന പ്രകരണത്തിനുമത്രെ. നാടകപ്രകരണങ്ങളുടെ ഇതിവൃത്തം നിയതമായ ഒരു വികാസക്രമത്തെ അനുസരിക്കുന്നതായിരിക്കണം. ഇതിവൃത്തത്തിനു് ഒരു ബീജമുണ്ടാവണം. ഈ ബീജം നാടകാന്തത്തിൽ കാര്യമായി (അഥവാ ഫലമായി) പരിണമിക്കണം. ബീജം കാര്യമായി വളരുന്നതിനിടക്കു്, ബിന്ദു, പ്രകരി, പതാക എന്നീ സാങ്കേതിക നാമങ്ങളിലറിയപ്പെടുന്ന ഉപകഥകൾ അഥവാ സംഭവങ്ങൾ ഇതിവൃത്തത്തിലിണക്കിച്ചേർത്തിരിക്കണം. ഈ അഞ്ചു ഘടകങ്ങൾക്കു് അർത്ഥപ്രകൃതികൾ എന്നു പേർ. ബീജത്തെ കാര്യമായി പരിണമിപ്പിക്കുന്നതിനു സഹായിക്കുന്നതു് കഥാപാത്രങ്ങളുടെ പ്രവർത്തനമത്രേ. ഈ പ്രവർത്തനത്തിനു് ആരംഭം, യത്നം, പ്രാപ്ത്യാശ, നിയതാപ്തി, ഫലാഗമം എന്ന അഞ്ചു ഘട്ടങ്ങൾ, അഥവാ അവസ്ഥകൾ, ഉണ്ടായിരിക്കും. ഇപ്പറഞ്ഞ അഞ്ചവസ്ഥകളും മുമ്പുപറഞ്ഞ അഞ്ചു് അർത്ഥപ്രകൃതികളും ഇതിവൃത്തത്തിൽ അതാതിടങ്ങളിൽ ചേർന്നുവരുന്നു. ഇങ്ങിനെയുള്ള ഇതിവൃത്തഘട്ടങ്ങൾക്കു് സന്ധികൾ എന്നു പേർ. അങ്ങിനെ നാടകത്തിലേയും പ്രകരണത്തിലേയും ഇതിവൃത്തം പഞ്ചസന്ധികളിണങ്ങി പൂർണ്ണത്വം കൈവരിച്ചിരിക്കണം. മററു രൂപകങ്ങളിലാകട്ടെ, ഈ സന്ധികൾ അഞ്ചും പൂർണ്ണരൂപത്തിൽ ഇതിവൃത്തത്തിനുണ്ടായിക്കൊള്ളണമെന്നില്ല. മുഖ്യമായ ഇതിവൃത്തത്തോടു് പ്രാസംഗികങ്ങളായ ഇതിവൃത്തങ്ങളെ കൂട്ടിയിണക്കാൻ വിരോധമില്ല. എന്നാൽ ആധികാരികമായ അഥവാ മുഖ്യമായ ഇതിവൃത്തത്തിൽ ഒരേഒരു രസമേ പ്രധാനമായി ഉണ്ടായിക്കൂടു.

## രസചർച്ച

രസം എന്നാൽ എന്താണു്? അതു് സ്ഥിതിചെയ്യുന്നതു് കഥാപാത്രത്തിലോ നടനിലോ പ്രേക്ഷകനിലോ? രസം എന്തുകൊണ്ടു് പ്രേക്ഷകനു് ആസ്വാദ്യമായിത്തീരുന്നു? ലൌകികജീവിതത്തിൽ അന്യരുടെ ശൃംഗാരചേഷ്ടകൾ കാണുമ്പോൾ അറപ്പോ വെറുപ്പോ പരിഹാസമോ അസൂയയോ മാത്രം ഉള്ളിലുദിക്കുന്ന സാധാരണമനുഷ്യൻ നാടകത്തിൽ നായികാനായകന്മാരുടെ ശൃംഗാരചേഷ്ടകൾകണ്ടു് സ്വയം മറന്നു രസിക്കുന്നതെങ്ങിനെ? ശോകം, ഭയം, ജുഗുപ്സ, ക്രോധം മുതലായ, യഥാർത്ഥാനുഭവത്തിൽ ഉദ്വേഗകരങ്ങളായ, വികാരങ്ങൾ ഏതൊരു രാസപ്രക്രിയയുടെ ഫലമായാണു് നാടകത്തിൽ പരബ്രഹ്മാനന്ദസബ്രഹ്മചാരിയായ ആസ്വാദമുളവാക്കുന്നതു്? ഭാരതീയസാഹിത്യശാസ്ത്രം ലോകചിന്തക്കു നല്കിയ ഏററവും മഹത്തായ സംഭാവന ഈ വിചിന്തനമത്രേ. രസസിദ്ധാന്തത്തെ പരിഷ്കരിച്ചു് ഒരു ശാസ്ത്രമാക്കിത്തീർത്തതു്, മുമ്പു പറഞ്ഞപോലെ, ആനന്ദവർദ്ധനനും അഭിനവഗുപ്തനും ചേർന്നാണു്. എങ്കിലും ഈ സിദ്ധാന്തസൌധം നിർമ്മിക്കാനുള്ള സ്ഥലം കണ്ടുപിടിച്ചതും കുററിതറച്ചതും പ്ലാനുണ്ടാക്കിയതും എല്ലാം ഭരതമുനിയാകുന്നു. മനോവികാരങ്ങൾ സ്ഥായികളെന്നും സഞ്ചാരി (വ്യഭിചാരി) കളെന്നും രണ്ടുവിധമാണെന്നു നിർവ്വചിച്ചതും, സ്ഥായികളെ എട്ടും സഞ്ചാരികളെ മുപ്പത്തിമൂന്നുമായി വ്യവസ്ഥപ്പെടുത്തിയതും, ഈ വികാരങ്ങൾ കാവ്യത്തിലും നാടകത്തിലും അഭിവ്യക്തമാകുന്നതിലടങ്ങിയ തത്വം ദിങ്മാത്രമായെങ്കിലും സൂ

ചിപ്പിച്ചതും ഭരതനത്രേ. നാടകത്തിലടങ്ങിയ ഘടകങ്ങളെ നാട്യധർമ്മിയെന്നും ലോകധർമ്മിയെന്നും രണ്ടായി തിരിച്ച് ആദർശവല്ക്കരണത്തിനും യാഥാർത്ഥ്യത്തിനും ഒരുപോലെ അതിലുള്ള സ്ഥാനം ചൂണ്ടിക്കാണിച്ചതു് ഭരതന്റെ മറ്റൊരു ഗണ്യമായ സംഭാവനയായിക്കരുതാം. രൂപകങ്ങളെപ്പറ്റി ഭരതൻ നല്കുന്ന വിവരണങ്ങളെ ആസ്പദിച്ച് പില്ക്കാലത്ത് സംസ്കൃതത്തിൽ ദശരൂപകം മുതലായ ലക്ഷണഗ്രന്ഥങ്ങളുണ്ടായി. നാടകവിമർശനം ഏറെക്കാലം സ്വതന്ത്രമായ ഒരു സാഹിത്യവിമർശനശാഖയായി തുടർന്നശേഷം അലങ്കാരശാസ്ത്രത്തിൽത്തന്നെ വിലയിക്കുകയും ചെയ്തു. നാടകത്തിലെ നായികമാരെ മുഗ്ധ, മധ്യ, പ്രഗല്ഭ എന്നു് പ്രായമടിസ്ഥാനമാക്കിയും, സ്വാധീനപതിക, വാസകസജ്ജിക മുതലായി അവസ്ഥാഭേദമനുസരിച്ചും ഭരതൻ വിഭജിച്ചിട്ടുണ്ടു്. ഇന്ത്യയിലെ മധ്യകാലസാഹിത്യങ്ങളിലെ ശൃംഗാരകാവ്യധാരക്കു് പ്രേരകമായി വർത്തിച്ചതു് ഈ വിഭജനമാകുന്നു. ആധുനിക പാശ്ചാത്യസാഹിത്യത്തിന്റെ പ്രേരണയുംകൊണ്ടു് നമ്മുടെ സാഹിത്യങ്ങൾ ഒരു പുതിയ ചൈതന്യം ആർജ്ജിക്കുംവരെ നായികാഭേദം ആസ്പദിച്ചുള്ള ശൃംഗാരവർണ്ണനകൾ ഭാരതീയസാഹിത്യത്തിലെ, പ്രത്യേകിച്ച് ഔത്തരാഹസാഹിത്യങ്ങളിലെ, ഒരു മുഖ്യസവിശേഷതയായി നിലകൊണ്ടുവന്നു. സാഹിത്യത്തിൽ നിന്നു് ഉത്തരഭാരതചിത്രകലയിലേക്കും പകർന്നു ഭരതന്റെ ഈ സ്വാധീനം.

### വൃത്തവിചാരം

നാടകശാസ്ത്രത്തിനു് (നിർമ്മാണത്തിനും നിരൂപണത്തിനും) ഭരതമുനി നല്കിയ സംഭാവനകളെയാണു് ഇതുവരെ വിവരിച്ചതു്. ആനുഷംഗികമായി ഈ സന്ദർഭത്തിൽ ഭരതമുനി ചെയ്ത ചില വിമർശനങ്ങൾ ഭാരതീയ സാഹിത്യശാസ്ത്രത്തിനും അടിസ്ഥാനമാവുകയുണ്ടായി. ഇതിൽ മുഖ്യമായ രസസിദ്ധാന്തത്തെപ്പറ്റി നടേ പ്രസ്താവിച്ചുവല്ലോ. നാട്യത്തിന്റെ ശരീരംതന്നെ വാക്കാണെന്നും, അതിനാൽ വാക്കിൽ വിശേഷപ്രയത്നമാവശ്യമാണെന്നും ഭരതൻ സിദ്ധാന്തിച്ചു.

“വാചിയത്നസ്തു കർത്തവ്യോ നാട്യസ്യൈഷാ തനുഃ സ്മൃതാ”. കാരണം, വ്യാക്യാർത്ഥമായ രസമാണു് നാട്യജീവിതം. വാക്കു് നാട്യത്തിന്റെ ശരീരമാകുന്നതു്, അതു് രസാഭിവ്യഞ്ജകമാകുമ്പോഴാണു്. രസാഭിവ്യക്തിക്കു സഹായമായ വാഗ്ഘടകങ്ങളെപ്പറ്റിയുള്ള ചിന്ത ഇവിടെ പ്രസക്തമായിത്തീരുന്നു. ഈ ചിന്തയിൽ വൃത്തത്തിനുള്ള പ്രാധാന്യം തെളിഞ്ഞുകാണപ്പെടുന്നു. എന്തുകൊണ്ടെന്നാൽ, വൃത്തസംഗീതം അർത്ഥനിരപേക്ഷമായിത്തന്നെ രസാഭിവ്യഞ്ജകമാകാറുണ്ടു്.

വീരസ്യ ഭുജദണ്ഡാനാം വർണ്ണനേ സ്രഗ്ധരാ ഭവേൽ
നായികാവർണ്ണനേ കാര്യം വസന്തതിലകാദികം
ശാർദ്ദൂലലീലാ പ്രാച്യേഷു മന്ദാക്രാന്താ ച ദക്ഷിണേ”

എന്നു് കാത്യായനന്റെ വചനമുദ്ധരിച്ച് അഭിനവഗുപ്തൻ ഈ വസ്തുത വ്യക്തമാക്കിയിട്ടുണ്ടു്. വീരരൗദ്രാത്ഭുതരസങ്ങളിൽ ലഘ്വക്ഷരപ്രായങ്ങളും ബീഭത്സകരുണങ്ങളിൽ ഗുർവ്വക്ഷരപ്രായമായ വൃത്തങ്ങളുമുപയോഗിക്കണമെന്നും, ശൃംഗാരത്തിൽ ആര്യയും വീരരൗദ്രങ്ങളിൽ ഉൽകൃതിയും കരുണത്തിൽ ശക്വരി, അതിശക്വരി എന്നിവയും രസാന്തരങ്ങളിൽ ഔചിത്യംപോലെയും ഛന്ദസ്സുകൾ വിനിവേശിപ്പിക്കണമെന്നും ഭരതൻ നിർദ്ദേശിച്ചിട്ടുണ്ടു്. പില്ക്കാലത്തെ ചില സാഹിത്യശാസ്ത്രകാരന്മാർ ഈ വിഷയം കുറേക്കൂടി വിസ്തരിച്ചു പ്രതിപാദിച്ചിട്ടുള്ളതിന്റെ ആധാരം ഭരതന്റെ മേല്പറഞ്ഞ പ്രസ്താവമത്രേ. ദിവ്യം, മാനുഷം, ദിവ്യമാനുഷം എന്നു മൂന്നു ഗണങ്ങളായി വൃത്തങ്ങളെയാകെ ഭരതൻ തിരിച്ചതും കഥാപാത്രങ്ങളുടെ സ്വഭാവം കണക്കിലെടുത്താണു്.

ഗായത്ര്യുഷ്ണിഗനുഷ്ടുപ് ച ബൃഹതീ പംക്തിരേവ ച
ത്രിഷ്ടുപ് ച ജഗതീ ചൈവ ദിവ്യോയം പ്രഥമോ ഗണഃ
തഥാതിജഗതീ ചൈവ ശക്വരീ ഹ്യതിശക്വരീ
അഷ്ടിരത്യഷ്ടിരപി ച ധൃതിശ്ചാതിധൃതിർഗ്ഗണഃ
കൃതിശ്ച പ്രകൃതിശ്ചൈവ ഹ്യാകൃതിർവ്വികൃതിസ്തഥാ
സംസ്കൃത്യഭികൃതീ ചൈവ ഹ്യുൽകൃതിർദ്ദിവ്യമാനുഷഃ

ഇതിൽ ആദ്യത്തെ ഗണം ദേവന്മാർ വക്താക്കളാകുമ്പോഴും രണ്ടാമത്തെ ഗണം മനുഷ്യർ വക്താക്കളാ

കുമ്പോഴും മൂന്നാമത്തേതു് അഭിദിവ്യരായ ശ്രീരാമൻ, ശ്രീകൃഷ്ണൻ മുതലായവർ വക്താക്കളാകുമ്പോഴും പ്രയോഗിക്കേണ്ട വൃത്തങ്ങളുടെ സമാഹാരമത്രേ.

### സാഹിത്യശാസ്ത്രം

ഉചിതഛന്ദസ്സുകളിൽ നിർമ്മിക്കുന്ന കാവ്യത്തിന്നു് മുപ്പത്താറുലക്ഷണങ്ങളുണ്ടായിരിയ്ക്കണമെന്ന പ്രസ്താവനയോടെ സാഹിത്യശാസ്ത്രം സംബന്ധിച്ച പ്രധാനപ്രമേയങ്ങളെ പ്രതിപാദിക്കുന്ന നാട്യശാസ്ത്രത്തിലെ പതിനാറാമത്തെ അദ്ധ്യായം ഭരതൻ ആരംഭിക്കുന്നു. ഗുണങ്ങൾ, ദോഷങ്ങൾ, രീതികൾ, വൃത്തികൾ, അലങ്കാരങ്ങൾ എന്നീ ഘടകങ്ങളെപ്പോലെ പില്ക്കാലത്തു് വിശദചർച്ചക്കു വിധേയമാകാതിരുന്ന ഒരു ഘടകമത്രേ കാവ്യലക്ഷണം. ജയദേവൻെറ "ചന്ദ്രാലോകം" ഇവയെ ലഘുവായി വിവരിച്ചുദാഹരിക്കുന്നുണ്ടെങ്കിലും, അധികം അലങ്കാരശാസ്ത്രജ്ഞന്മാരും അവയെ അനാദരിക്കുകയാണുണ്ടായതു്. സംഖ്യ മുപ്പത്തിരണ്ടുതന്നെയെങ്കിലും വ്യത്യസ്തങ്ങളായ രണ്ടു ലക്ഷണപ്പട്ടികകൾ നാട്യശാസ്ത്രത്തിൽ കാണുന്നുണ്ടു്.

> വിഭൂഷണം ചാക്ഷരസംഹതിശ്ച
> ശോഭാഭിമാനോഗുണകീർത്തനം ച
> പ്രോത്സാഹനോദാഹരണേ നിരുക്തം
> ഗുണാനുവാദോതിശയശ്ചഹേതുഃ
> സാരൂപ്യമിഥ്യാധ്യവസായസിദ്ധി –
> പദോച്ചയാക്രന്ദമനോരഥാശ്ച
> ആഖ്യാനയാച്ഞാ പ്രതിഷേധപൃച്ഛാ–
> ദൃഷ്ടാന്തനിർഭാസന സംശയാശ്ച
> ആശീഃ പ്രിയോക്തിഃ കപടഃ ക്ഷമാച
> പ്രാപ്തിശ്ചപശ്ചാത്തപനം തഥൈവ
> അർത്ഥാനുവൃത്തിർഹ്യുപപത്തിയുക്തീ
> കാര്യോനുനീതിഃ പരിദേവനം ച

എന്നാണു് ഇവയിലൊരു പട്ടിക. മററ പട്ടികയിൽ അഭിമാനം മുതലായ ചിലതു വിട്ടു് വിശേഷണം മുതലായ വേറെ ചിലതു കൂട്ടിച്ചേർത്തിരിക്കുന്നു. ഇവയുടെ സാമാന്യലക്ഷണമോ വെവ്വേറെ ഉദാഹരണമോ ഭരതൻ പറയുകയുണ്ടായില്ല. അതിനാൽ ക്രിസ്ത്വബ്ദം പത്താംശതകത്തിൽ ജീവിച്ചിരുന്ന അഭിനവഗുപ്തൻെറ കാലമായപ്പോഴേക്കു് ലക്ഷണങ്ങൾ എന്താണെന്ന കാര്യത്തിൽ പല അഭിപ്രായഭേദങ്ങളുമുണ്ടായി. ഇതുസംബന്ധിച്ചു് പത്തു വ്യത്യസ്തപക്ഷങ്ങൾ അഭിനവഗുപ്തൻ രേഖപ്പെടുത്തിയിട്ടുണ്ടു്. ഈ പത്തു പക്ഷങ്ങളിൽ ഒന്നുമാത്രം സ്വീകരിക്കുവാൻ അഭിനവൻ തയ്യാറല്ല.

> ഷട്ത്രിംശദേതാനി തു ലക്ഷണാനി
> പ്രോക്താനി വൈഭൂഷണസമ്മിതാനി
> കാവ്യേഷുഭാവാർത്ഥഗതാനിതജ്ജ്ഞൈഃ
> സമ്യക്പ്രയോജ്യാനി യഥാരസം തു

എന്ന ഭരതവചനത്തിലെ സൂചനകൾക്കനുസൃതമായി അലങ്കാരസാമ്യവും ഭാവാർത്ഥസംബന്ധിതവും രസൗചിത്യവും ഇവക്കു പൊതുവിലുണ്ടാകണമെന്നു് അഭിനവൻ പ്രസ്താവിക്കുന്നു. കാവ്യശരീരത്തിലുള്ളതും സമസ്തേതിവൃത്തത്തിലും വ്യാപിച്ചുനില്ക്കുന്നതുമായ ശബ്ദാർത്ഥരചനേതിവൃത്തരസഭാവാദ്യൗചിത്യമാണതെന്നും, മുപ്പത്താറു ലക്ഷണങ്ങളേ ഉള്ളൂ എന്നു് മുനി ശഠിക്കുന്നില്ലെന്നും, ലക്ഷണങ്ങൾ അസംഖ്യേയങ്ങളാണെന്നും അദ്ദേഹം തുടർന്നുപറയുന്നു.

"അങ്ങിനെയാണെങ്കിൽ കാവ്യത്തിലെവിടേയും ലക്ഷണമുണ്ടെന്നു പറയരുതേ? ഓഹോ, പറഞ്ഞോളൂ, ഞങ്ങൾക്കു സമ്മതംതന്നെ!" എന്നാണു് അഭിനവഗുപ്തൻെറ നില. ഈ നിയതരൂപരാഹിത്യംമൂലമാവാം ലക്ഷണസങ്കല്പം പില്ക്കാലത്തു് സാഹിത്യശാസ്ത്രത്തിൽനിന്നു് അപ്രത്യക്ഷമായതു്. ആ

ചാര്യദണ്ഡി ലക്ഷണങ്ങളെ അലങ്കാരത്തിലുൾപ്പെടുത്തി; ദശരൂപകകാരൻ അവക്ക് ഭാവങ്ങളിലും അലങ്കാരങ്ങളിലും പ്രവേശം നല്കി.

അലങ്കാരൈർഗ്ഗുണൈശ്ചൈവബഹുഭിഃ സമലംകൃതം
ഭൂഷണൈരിവവിന്യസ്തൈസ്തദ്ഭൂഷണമിതിസ്മൃതം

എന്നതാണ് ആദ്യത്തെ ലക്ഷണമായ ഭൂഷണത്തിന്ന് ഭരതൻ നല്കുന്ന വിവരണം. ഭൂഷണത്തിൽ പല അലങ്കാരങ്ങളും ഗുണങ്ങളുമുണ്ടാവണം. അലങ്കാരങ്ങൾ എന്നാലോ? ഉപമ, രൂപകം, ദീപകം എന്ന മൂന്ന് അർത്ഥാലങ്കാരങ്ങളും യമകമെന്ന ഒരു ശബ്ദാലങ്കാരവും മാത്രമേ ഭരതന്റെ നിരൂപണത്തിന്ന് വിഷയമാകുന്നുള്ളു. ഉപമയെ പ്രശംസോപമാ, നിന്ദോപമാ, കല്പിതോപമാ, സദൃശീ ഉപമ, കിഞ്ചിത്സദൃശീ ഉപമാ എന്ന് അഞ്ചുവിധത്തിൽ ഭരതൻ പ്രതിപാദിക്കുന്നു. "ശബ്ദാഭ്യാസം" എന്ന് യമകത്തെ ഭരതൻ നിർവ്വചിച്ചതാണ് ശബ്ദാലങ്കാരമെന്നും അർത്ഥാലങ്കാരമെന്നും പില്ക്കാലത്തുണ്ടായ വിഭജനത്തിന്നടിസ്ഥാനം.

ആദ്യം കാവ്യദോഷങ്ങളെ വിവരിച്ചശേഷം, അവയ്ക്കെതിരായവയെന്ന് ഭരതമുനി ഗുണങ്ങളെ നിർവ്വചിക്കുന്നു.

ഗൂഢാർത്ഥം അഥവാ പര്യായശബ്ദാഭിഹിതം, അർത്ഥാന്തരം അഥവാ അവർണ്ണ്യവർണ്ണനം, അർത്ഥഹീനം അഥവാ അസംബന്ധം, ഭിന്നാർത്ഥം അഥവാ അസഭ്യം, ഏകാർത്ഥം അഥവാ പൗനരുക്ത്യം, അഭിപ്ലുതാർത്ഥം അഥവാ പദ്യത്തിന്ന് സമുദിതാർത്ഥമില്ലായ്മ, ന്യായാദപേതം അഥവാ പ്രമാണവർജ്ജിതം, വിഷമം അഥവാ ഭ്രഷ്ടവൃത്തം, വിസന്ധി, ശബ്ദഹീനം അഥവാ വ്യാകരണഭ്രഷ്ടം എന്നിവയാണ് ഭരതൻ എടുത്തുപറയുന്ന പത്തു ദോഷങ്ങൾ. ഇവക്കെതിരായി ശ്ലേഷം, പ്രസാദം, സമത, സമാധി, മാധുര്യം, ഓജസ്സ്, സൗകുമാര്യം, അർത്ഥവ്യക്തി, ഉദാരം, കാന്തി എന്നീ പ്രസിദ്ധങ്ങളായ പത്തു ഗുണങ്ങളെ ഭരതൻ നിർദ്ദേശിക്കുന്നു. ആചാര്യദണ്ഡി പില്ക്കാലത്ത് ഇവയെ വിസ്തരിച്ച വർണ്ണിക്കുകയുണ്ടായി. ഗുണങ്ങൾക്ക് ശബ്ദഗുണങ്ങളെന്നും അർത്ഥഗുണങ്ങളെന്നുമുള്ള വിഭാഗവും പിന്നീട് ഉളവായി.

ഈ സംക്ഷിപ്തവിവരണത്തിൽനിന്ന്, ആനന്ദവർദ്ധനാദികളുടെ പ്രയത്നഫലമായി അനന്തരകാലത്ത് സഹസ്രശാഖമായി വികസിച്ച ഭാരതീയ സാഹിത്യവിമർശനശാസ്ത്രത്തിലെ കാതലായ അംശങ്ങളെല്ലാം, ചിലത് ബീജരൂപത്തിലും വേറെ ചിലത് ഏറക്കുറെ സംപുഷ്ടമായിത്തന്നെയും, ഭരതന്റെ നാട്യശാസ്ത്രത്തിലടങ്ങിയിട്ടുണ്ടെന്നു കാണാം. അതിൽത്തന്നെ രസകരമായ വസ്തുത, ഭരതന്റെ മുഖ്യോദ്ദേശ്യം സാഹിത്യശാസ്ത്രനിർമ്മാണമായിരുന്നില്ലെന്നതാണ്. നാടകാഭിനയം ശാസ്ത്രനിബദ്ധമാക്കുന്നതിനുള്ള പരിശ്രമത്തിൽ ആനുഷംഗികമായി ഭരതൻ പറഞ്ഞുപോയ കാര്യങ്ങളാണിവ എന്നറിയുമ്പോൾ ആ മഹാപ്രതിഭയുടെ മുമ്പിൽ നമ്മുടെ മസ്തകം താനേ താണുപോകുന്നു. വെറുമൊരു നട്ടുവനെ ഭാരതീയജനത മഹാമുനിയെന്നു വാഴ്ത്തിപ്പോന്നതിൽ ഇനി അത്ഭുതപ്പെടാനുണ്ടോ?